മാറിലും തോളിലും തിളങ്ങുന്ന സ്വർണപ്പതക്കങ്ങളും
കിന്നരിയും പതിച്ച കറുത്ത പട്ടാള വേഷമിട്ട ആറ്
ബലിഷ്ഠരായ യുവാക്കൾ. 'പാൾ ബേറേർസ്'
മുള കീറുന്ന ശബ്ദത്തിൽ ഉയർന്നു കേട്ട ബാൻഡ് മേളയുടെ
അകമ്പടിയോടെ അവർ മന്ദംമന്ദം അടി വെച്ചു നീങ്ങി!

' ഠോ' എന്ന ശബ്ദം!
നെഞ്ചിലേറ്റ വെടിപോലെ!, (വേദനിച്ചില്ല, വേദനയില്ലാത്ത
നാട്ടിലെത്തിയിരിക്കുന്നു). സുഹൃത്തുക്കളോ ബന്ധുക്കളോ
വിട പറയാനായി, ഞാൻ ഉറങ്ങുന്ന പേടകത്തിലേയ്ക്കിട്ട
ആദ്യത്തെ മൺകട്ടയാണ്' ഠോ' എന്ന ശബ്ദത്തിൽ!

വീട്ടുകാരുടെയും കൂട്ടുകാരുടേയും ഊഴം കഴിഞ്ഞപ്പോൾ
നാട്ടുകാരും, താളം തെറ്റാതെ, ഉന്നം തെറ്റാതെ

പിന്നീട് എണ്ണമില്ലാത്ത മൺകട്ടകളുടെ ഒരു പ്രവാഹം !!

മനുഷ്യ നീ മണ്ണാകുന്നു !



സ്വർണ്ണക്കുളമ്പടികളുടെ പെരുമ്പറ മുഴക്കിക്കൊണ്ട്
ആയിരം ക്ളയിസ് ഡേൽ കുതിരകൾ കുഞ്ചിരോമച്ചിറകുകൾ
വിരിച്ച് മഞ്ചലും പേറി അതിവേഗത്തിൽ പറന്നുയർന്നു .

നക്ഷത്രങ്ങളുടെയും സൂര്യചന്ദ്രന്മാരുടേയും
ഘോഷയാത്രയ്ക്കിടയിലൂടെ അനന്തതയുടെ അങ്ങേക്കരയിൽ,
ഒരു അതി തീവ്ര വെളിച്ചത്തിന്റെ ഗുഹാമുഖത്തേയ്ക്ക് !

കാലക്കടലിന്റെ കണ്ണെത്താത്ത അങ്ങേക്കരയിൽ മരണത്തി
ന്റെ മൂകത തളം കെട്ടിയ താഴ്‌വരയിൽ ഏകനായ്

നക്ഷത്രങ്ങളുടെ കിളിക്കൊഞ്ചൽ കേട്ടുവോ?
കണ്ണുചിമ്മുന്ന താരഗണങ്ങളെ പിന്നിട്ടപ്പോൾ
മിന്നി മറഞ്ഞത് പൂർവ്വികരുടെ മുഖങ്ങളോ ?

സമയവിഭ്രാന്തിയിൽ മുങ്ങിപ്പൊങ്ങി,
സ്ഥലവിഭ്രാന്തിയിൽ നീന്തിത്തുടിച്ചു,

അവസാന വിധിയ്ക്കായ് കാത്തിരിയ്ക്കുന്നവരുടെ, ആ
ഏസാപ്പാത്തിന്റെ താഴ്‌വരയോ?

"മിൽക്കിവേയ്' 'ബ്ലാക് ഹോൾ' 'ക്ഷീരസാഗര ശയനേ'

ആ അതിതീവ്ര പ്രഭയുടെ ഗുഹാമുഖം ആയിരം പ്രഭാത
വെളിച്ചത്തിന്റെ പ്രപഞ്ചമായി!

ആ ഉജ്ജ്വലപ്രഭയിൽ പരമാത്മാവിലേയ്ക്ക് !!! എന്റെ ജീവന്റെ
നാളം എരിഞ്ഞടങ്ങി!
നിത്യ പ്രകാശത്തിലേക്ക്......

**Dr ACHANKUNJU CHACKO,**
**MD is a Practicing Physician in Maryland, USA**